OFFICE OF THE DIRECTOR OF SCHEDULED TRIBES DEVELOPMENT DEPT.
TRIVANDRUM
Date. 21/6/17

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏകാധ്യാപക വിദ്യാലയങ്ങൾ, പെരിപ്പറ്ററ്റിക് സെന്റർ, ബാലവിജ്ഞാനകേന്ദ്രങ്ങൾ, വികാസ് വാടി, ബാലവാടികൾ കിന്റർഗാർട്ടൻ എന്നിവയിലെ അദ്ധ്യാപകരുടെയും ആയ/വർക്കർമാരുടെയും ശമ്പളം, കുട്ടികളുടെ യൂണിഫോം അലവൻസ്, ഭക്ഷണചിലവ്, തുടങ്ങിയവ വർദ്ധിപ്പിച്ചു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പട്ടികജാതി - പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

സ.ഉ: (സാധാ) നം.1550/2017/പജ.പവ.വിവ. തിരുവനന്തപുരം, തീയതി:17.06.2017

പരാമർശം:-25.11.2016-ലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ സി3-6028/16 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏകാധ്യാപക വിദ്യാലയങ്ങൾ, പെരിപ്പറ്ററ്റിക് സെന്റർ, ബാലവിജ്ഞാനകേന്ദ്രങ്ങൾ, വികാസ് വാടി, ബാലവാടികൾ, കിന്റർഗാർട്ടൻ എന്നിവയിലെ അദ്ധ്യാപകരുടെയും ആയ/വർക്കർമാരുടെയും ശമ്പളം, കുട്ടികളുടെ യൂണിഫോം അലവൻസ്, ഭക്ഷണചിലവ്, തുടങ്ങിയവയ്ക്ക് അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണമെന്ന് മേൽ പരാമർശ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചുവടെ ചേർക്കും പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏകാധ്യാപക വിദ്യാലയങ്ങൾ, പെരിപ്പറ്ററ്റിക് സെന്റർ, ബാലവിജ്ഞാനകേന്ദ്രങ്ങൾ, വികാസ് വാടി, ബാലവാടികൾ, കിന്റർഗാർട്ടൻ എന്നിവയിലെ അദ്ധ്യാപകരുടെയും ആയ/വർക്കർമാരുടെയും ശമ്പളം, കുട്ടികളുടെ യൂണിഫോം അലവൻസ്, ഭക്ഷണചിലവ്, തുടങ്ങിയവ വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള 23 ഏകാദ്ധ്യാപക സ്കൂളുകൾ, 7 പെരിപ്പെറ്ററ്റിക് സെന്ററുകൾ, 9 കിന്റർ ഗാർട്ടനുകൾ എന്നിവടങ്ങളിലെ അദ്ധ്യാപകരുടെ വേതനം പ്രതിമാസം 5000/- രൂപയിൽ നിന്ന് 7000/- രൂപയായും ഏകാദ്ധ്യാപക സ്കൂളുകൾ, പെരിപ്പെറ്ററ്റിക് സെന്ററുകൾ എന്നിവടങ്ങളിലെ ആയമാരുടെ വേതനം പ്രതിമാസം 2000/- രൂപയിൽ നിന്നും 4000/- രൂപയായും കിന്റർഗാർട്ടനുകളിലെ ആയമാരുടെ വേതനം പ്രതിമാസം 2000/- രൂപയിൽ നിന്നും 3000/- രൂപയായും വർദ്ധിപ്പിക്കുന്നു.
2. മേൽ സ്ഥാപനങ്ങളിലെ കുട്ടികളുടെ ഭക്ഷണത്തിനായുള്ള ചെലവ് പ്രതിദിനം 15/- രൂപയിൽ നിന്നും 40/ രൂപയായും, വിറകിന് പ്രതിമാസം അനുവദിച്ചിട്ടുള്ള തുക 250/-ൽ നിന്നും 400/- രൂപയായും, കുട്ടികളുടെ യൂണിഫോമിന് പ്രതിവർഷം 500/- രൂപ നിരക്കിലും വർദ്ധന അനുവദിക്കുന്നു.
3. ബാലവിജ്ഞാന കേന്ദ്രത്തിലെ (3 എണ്ണം) അദ്ധ്യാപകരുടെ വേതനം പ്രതിമാസം 2000/ രൂപയിൽ നിന്നും 4000/- രൂപയായും ബാലവാടികൾ, വികാസ് വാടികൾ എന്നിവയിലെ

(4 എണ്ണം) അദ്ധ്യാപകരുടെ വേതനം പ്രതിമാസം 3000/- രൂപയിൽ നിന്നും 5000/- രൂപയായും വർദ്ധിപ്പിക്കുന്നു.

4. ബാലവിജ്ഞാന കേന്ദ്രങ്ങൾ, ബാലവാടികൾ, വികാസ് വാടികൾ എന്നിവടങ്ങളിലെ ആയമാരുടെ വേതനം പ്രതിമാസം 1000/- രൂപയിൽ നിന്നും 3000/- രൂപയായും വർദ്ധിപ്പിക്കുന്നു.

മേൽ വർദ്ധനവിനു വേണ്ടി വരുന്ന മുഴുവൻ ചെലവും 2225-02-277-35 (P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുവാനും അനുമതി നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ബീനാകുമാരി.എസ്

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) / ആഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ്
(വെബ്സൈറ്റിൽ അപ്പ്ലോഡ് ചെയ്യുന്നതിലേക്ക്)
ധനകാര്യ വകുപ്പ് (23.05.2017-ലെ WW1/8/2015-Fin പ്രകാരം)
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ